**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.64** **23.01.2018-ൽ മറുപടിക്ക്**

**അയൽ സംസ്ഥാന തൊഴിലാളികളുടെ വോട്ടവകാശം**

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി :

(എ) സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയതോ ദീർഘനാളുകളായി താമസിക്കുന്നതോ ആയ അയൽ സംസ്ഥാന തൊഴിലാളികൾക്ക്, വോട്ടവകാശം സംസ്ഥാനത്ത് വിനിയോഗിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ സ്ഥിരതാമസമാക്കിയവരെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിനോ വോട്ടവകാശം നൽകുന്നതിനോ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇവരെ വോട്ടർപട്ടികയിൽ ചേർക്കുന്നതിന് ഉദ്യോഗസ്ഥർ വിമുഖത കാണിക്കുന്നത്;

(സി) സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയതോ ദീർഘനാളുകളായി താമസിക്കുന്നതോ ആയ അന്യ സംസ്ഥാന തൊഴിലാളികൾക്ക് സംസ്ഥാനത്ത് വോട്ടവകാശം വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

പിണറായി വിജയൻ
മുഖ്യമന്ത്രി

(എ) യും (ബി) യും (സി) യും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അയൽ സംസ്ഥാന തൊഴിലാളികൾക്ക് ജനപ്രാതിനിധ്യ നിയമം/ചട്ടങ്ങൾ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയിൽ അനുശാസനം ചെയ്തിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് അപേക്ഷകൾ നൽകാവുന്നതും പരിശോധിച്ച ശേഷം വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും സംസ്ഥാനത്ത് വോട്ടവകാശം വിനിയോഗിക്കുന്നതിനും സാധിക്കുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ടിലേയും, കേരള മുനിസിപ്പാലിറ്റി ആക്ടിലേയും, വ്യവസ്ഥകൾ പ്രകാരം യോഗ്യരാണെങ്കിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് വോട്ടവകാശം നൽകുന്നതിന് തടസ്സങ്ങളില്ല. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 19-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 75-ാം വകുപ്പും പ്രകാരം യാതൊരാൾക്കും ഏതെങ്കിലും നിയോജക മണ്ഡലങ്ങളിലേയ്ക്കുള്ള വോട്ടർ പട്ടികയിൽ ഒന്നിലധികം പ്രാവശ്യം രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ സ്വന്തം സംസ്ഥാനത്ത് വോട്ടർപട്ടികയിൽ പേരുണ്ടെങ്കിൽ അത് റദ്ദാക്കിയാൽ മാത്രമേ ഇവിടെ വോട്ടർ പട്ടികയിൽ പേരു ചേർക്കുവാൻ കഴിയുകയുള്ളൂ. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമാനുസൃതമായ ചുമതല വഹിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.